HON'BLE MR. K. R. ELANKATH : അവിടെനിന്നും ആളുകളെ ബസ്സിൽ കയറുന്നതിനു അനുവദിച്ചാൽ ആ വിഷമം തീരുമല്ലോ. മാത്രമല്ല വേറെ ഒരു പ്രൊപ്പോസൽ ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണെന്നു ഞാൻ നേരത്തെ പറഞ്ഞല്ലോ.

MR. P. GOPALAN : ആ പ്രൊപ്പോസൽ നടപ്പിൽ വരുന്നതിനു ഇത്ര കാലതാമസം എന്താണെന്നു പറയാമോ?

HON'BLE MR. K. R. ELANKATH : ഒരു ഡിപ്പാർട്ടുമെൻറിന്റെ അധിനതയിൽ ഇരിക്കുന്ന സ്ഥലം മറെറാരു ഡിപ്പാർട്ടുമെൻറിന്റെ ആവശ്യത്തിലേക്ക് എടുക്കുമ്പോൾ ആ ഡിപ്പാർട്ടുമെൻറിനു് എന്തെങ്കിലും അസൗകര്യം ഉണ്ടാകുന്നുണ്ടോ എന്നന്വേഷിക്കേണ്ടതുണ്ടു്. അതു കഴിഞ്ഞാൽ പിന്നെ എസ്റ്റിമേറും മറ്റും തയ്യാറാക്കുന്നതിനു് കുറെ സമയം വേണ്ടിവരും. അല്ലാതെ പ്രത്യേക കാലതാമസം ഒന്നും ഉണ്ടാകുകയില്ല.

MR. P. T. CHACKO : വൈക്കത്തു ബസ്സ് സ്റ്റാൻറാനുമില്ലെന്നറിയാമോ?

HON'BLE MR. K. R. ELANKATH : ബസ്സ് സ്റ്റാൻറ് ഉണ്ടു.

MR. P. T. CHACKO : വൈക്കത്തു് സ്ഥിരമായ ബസ് സ്റ്റാൻറു് ഒന്നുമില്ല, ബസുകൾ വഴിയിലെവിടെയെങ്കിലും പോയി കിടക്കുകയാണു് പതിവെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. R. ELANKATH : വൈക്കത്തു് ബസുസ്റ്റാൻറുണ്ടു്. പക്ഷേ അവിടെ ഒരു ഗ്യാരേജു് ഇല്ലെന്നറിയാം. അതുണ്ടാക്കുന്നതിനെപ്പറ്റിയും ഗവണ്മെൻറു് ആലോചിച്ചുവരുന്നുണ്ടു്.

MR. P. GOPALAN : തൽക്കാലം ഒരു ടെമ്പററി ഷെഡ് എങ്കിലും ഉടനെ അവിടെ ഉണ്ടാക്കി യാത്രക്കാരുടെ വിഷമതകൾ പരിഹരിക്കുന്നതിനു ദയവുണ്ടാകുമോ?

HON'BLE MR. K. R. ELANKATH : അതാണു് ഞാൻ നേരത്തെ പറഞ്ഞതു്. അതിനെപ്പറ്റി ആലോചിക്കുന്നുണ്ടെന്നു്.

Site for erecting Waiting shed at Vaikom.

*261. MR. P. GOPALAN : Will the Hon'ble Minister for State Transport be pleased to state :

(*a*) whether the Government have selected any particular place for constructing the waiting shed at Vaikom ; and

(*b*) if the answer to part (*a*) is in the affirmative which is the site ?

HON'BLE MR. K. R. ELANKATH : (*a*) The question of choosing a site is engaging the attention of Government.

(*b*) Does not arise in view of the answer to part (*a*).

LIBRARY ARCHIVES Kerala Legislative Assembly